“ഭരണഭാഷ മാതൃഭാഷ”

ഹയർസെക്കന്ററി ഡയറക്ടറുടെ
കാര്യാലയം ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം
04712323198, email-jdacad@gmail.com

നം.എസിഡി എസ്.പി.സി(1)/264725/2022/എച്ച്.എസ്.ഇ. തീയതി. 14/11/2022

## സർക്കുലർ

**വിഷയം-** ഹ.സെ.വി - ഇ-ഗ്രാന്റ്സ് 2022-23 - പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് - പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് - അക്കൗണ്ട് ആധാർ സീഡ് ചെയ്യുന്നത് -സംബന്ധിച്ച്.

സൂചന - പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 01/11/2022 തീയതിയിലെ SCDD/3401/2022-B1(EDN-B) Part (1)-01 നമ്പർ കത്ത്.

വിദ്യാർത്ഥികളുടെ ഇ-ഗ്രാന്റ്സ് പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് വിതരണവുമായി ബന്ധപ്പെട്ട് കേന്ദ്ര സാമൂഹ്യനീതി മന്ത്രാലയത്തിൽ നിന്നും ലഭ്യമായ നിർദ്ദേശങ്ങൾ സൂചന കത്തുമുഖാന്തിരം പട്ടികജാതി വകുപ്പിൽ നിന്നും ഈ വകുപ്പിലേയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. ആയവ ചുവടെ ചേർക്കുന്നു.

1. 2022-23 വർഷം Fresh/Renewal ആയി അപേക്ഷിയ്ക്കുന്ന എല്ലാ പട്ടികജാതി വിദ്യാർത്ഥികൾക്കും ആധാർ സീഡഡ് ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് മാത്രമേ സ്കോളർഷിപ്പ് തുക ലഭിക്കുകയുള്ളു. ആയതിനാൽ എല്ലാ പട്ടികജാതി വിദ്യാർത്ഥികളും അവരുടെ ബാങ്ക് അക്കൗണ്ടുകൾ ആധാർ സീഡഡ് (Adhaar Seeded) ആക്കി മാറ്റണം. 2022-23 മുതൽ സ്കോളർഷിപ്പിന്റെ സംസ്ഥാന വിഹിതം, കേന്ദ്രവിഹിതം എന്നിവയുടെ വിതരണം പൂർണ്ണമായും PFMS മുഖേന ആധാർ അധിഷ്ഠിതമായിരിക്കും. ആയതിനാൽ ബാങ്ക് അക്കൗണ്ടുകൾ ആധാർ സീഡഡ് ആക്കി മാറ്റേണ്ടതാണ്.
2. 2022-23 വർഷം UDISE Code ഇല്ലാത്ത സ്ഥാപനങ്ങളുടെ സ്കോളർഷിപ്പ് അപേക്ഷകൾ പരിഗണിക്കുന്നതല്ല. ആയതിനാൽ പ്രസ്തുത കോഡ് ഇല്ലാത്ത സ്ഥാപനങ്ങൾ എത്രയും വേഗം ആയത് ലഭ്യമാക്കേണ്ടതാണ്.

മേൽ വിവരങ്ങൾ വിദ്യാർത്ഥികളെ അറിയിക്കുകയും ഇ-ഗ്രാന്റുമായി ബന്ധപ്പെട്ട സ്കൂൾ തലത്തിലുള്ള നടപടിക്രമങ്ങളുടെ ഭാഗമായി ഇവയെല്ലാം പരിശോധിക്കുകയും ചെയ്യേണ്ടതാണ്.

ഒപ്പ്

ജോയിന്റ് ഡയറക്ടർ (അക്കാദമിക്)
പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് വേണ്ടി